"ഭരണഭാഷ - മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം
തീയതി: 19/04/2022

DT/1690/2022-F3

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ്- 2021-22 അദ്ധ്യയന വർഷത്തെ ട്രെയിനീസ് കൗൺസിൽ തെരഞ്ഞെടുപ്പ് - സംബന്ധിച്ച്.

സൂചന:- ജി.ഒ(ആർ.ടി) നം.795/87/തൊഴിൽ തീയതി 20-05-1987.

വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള എല്ലാ ഐ.ടി.ഐ കളിലെയും കൊല്ലം ബി.റ്റി.സി യിലേയും ട്രെയിനീസ് കൗൺസിലിലേയ്ക്കുള്ള അംഗങ്ങളുടെ തെരഞ്ഞെടുപ്പ് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് താഴെ പറയും പ്രകാരം നടത്തേണ്ടതാണ്. ഇതിലേയ്ക്കായി സൂപ്പർവൈസറി തസ്തികയിൽ ഉള്ള ഒരു ഉദ്യോഗസ്ഥനെ റിട്ടേണിംഗ് ഓഫീസറായും സീനിയറായിട്ടുള്ള ഒരു ഇൻസ്ട്രക്ടറെ അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസറായും അതാത് പ്രിൻസിപ്പാൾമാർ ഉത്തരവ് മുഖേന നിയോഗിക്കേണ്ടതാണ്.

**അംഗങ്ങൾ**

1. ചെയർമാൻ
2. ജനറൽ സെക്രട്ടറി
3. കൗൺസിലർ ( കെ.എസ്.ഐ.റ്റി.സി)
4. മാഗസിൻ എഡിറ്റർ
5. ജനറൽ ക്യാപ്റ്റ്യൻ(സ്പോർട്സ്)
6. സെക്രട്ടറി (കൾച്ചറൽ അഫയേഴ്സ്)

തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളെ സംബന്ധിച്ച (പേര്, ട്രേഡ്, അഡ്മിഷൻ നമ്പർ, തെരഞ്ഞെടുക്കപ്പെട്ട സ്ഥാനം) വിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് 13-05-2022 വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ കാര്യാലയത്തിൽ ലഭിക്കേണ്ടതാണ്. തെരഞ്ഞെടുപ്പ് സമാധാനപരമായും സുഗമമായും നടത്തുന്നതിനുള്ള ചുമതല പ്രിൻസിപ്പാൾമാരിൽ നിക്ഷിപ്തമായിരിക്കും. 2021-22 വർഷ ഐ.ടി.ഐ ട്രെയിനീസ് കൗൺസിൽ തെരഞ്ഞെടുപ്പ് നടപടി ക്രമങ്ങളുടെ ഭാഗമായി അനുസരിക്കേണ്ട പൊതു പെരുമാറ്റ ചട്ടങ്ങൾ ഉള്ളടക്കം ചെയ്തിരിക്കുന്നു.

| | | |
|---|---|---|
| 1 | തെരഞ്ഞെടുപ്പ് വിജ്ഞാപനം | 21-04-2022 |
| 2 | വോട്ടർ പട്ടികയുടെ ആദ്യ പ്രസിദ്ധീകരണം | 23-04-2022 |
| 3 | വോട്ടർ പട്ടികയുടെ പരാതി സ്വീകരിക്കൽ | 26-04-2022 11 മണിവരെ |
| 4 | വോട്ടർ പട്ടികയുടെ അന്തിമ പ്രസിദ്ധീകരണം | 28-04-2022 3 മണി |
| 5 | നാമനർദ്ദേശ പത്രികാ സമർപ്പണം | 30-04-2022 3 മണിവരെ |
| 6 | നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന | 03-05-2022 3 മണിവരെ |
| 7 | സ്ഥാനാർത്ഥി പട്ടികയുടെ ആദ്യ പ്രസിദ്ധീകരണം | 04-05-2022 2 മണി |
| 8 | നാമനിർദ്ദശ പത്രിക പിൻവലിക്കൽ | 06-05-2022 11 മണിവരെ |
| 9 | സ്ഥാനാർത്ഥി പട്ടികയുടെ അന്തിമ പ്രസിദ്ധീകരണം | 06-05-2022 3 മണി |
| 10 | സ്ഥാനാർത്ഥികളുടെ പരിചയപ്പെടൽ | 12-05-2022 |
| 10 | തെരഞ്ഞെടുപ്പ് | 13-05-2022<br>9 മണി മുതൽ 1 മണിവരെ |
| 11 | വോട്ടെണ്ണൽ | 13-05-2022<br>2 മണി മുതൽ |
| 12 | ഫലപ്രഖ്യാപനം | വോട്ടെണ്ണൽ കഴിഞ്ഞ ഉടൻ |

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

സ്വീകർത്താവ് :- എല്ലാ ഐ.ടി.ഐ/ബി.റ്റി.സി പ്രിൻസിപ്പാൾമാർക്കും

(എല്ലാ ഐ.ടി.മാർക്കും: പ്രിൻസിപ്പാൾമാർക്ക്

ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.)

## 2021-22 വർഷ ഐ.ടി.ഐ ട്രെയിനീസ് കൗൺസിൽ തെരഞ്ഞെടുപ്പ് നടപടി ക്രമങ്ങളുടെ ഭാഗമായി പുറപ്പെടുവിക്കുന്ന പൊതു പെരുമാറ്റ ചട്ടങ്ങൾ

1. സ്ഥാനാർത്ഥി ആകുന്നവർക്ക് 70% ഹാജർ ഉണ്ടായിരിക്കണം(കോവിട് സാഹചര്യം)
2. തെരഞ്ഞെടുപ്പ് വിജ്ഞാപനം ഇറക്കുന്ന തീയതി മുതൽ പെരുമാറ്റ ചട്ടം നിലവിൽ വരും.
3. ഈ കാലയളവിൽ നിലവിലുള്ള കൗൺസിലിന് നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിന് അവകാശമില്ല.
4. മാഗസിൻ പ്രസിദ്ധീകരിക്കാൻ പാടില്ല.
5. ഇലക്ഷൻ പ്രചരണം നടത്തുന്നതിന് രാവിലെ 11 മണി മുതൽ വൈകിട്ട് 3 മണി വരെ തിയറി ക്ലാസ്സുകളിൽ മാത്രം അനുവാദം നൽകുന്നതാണ്.
6. നിലവിലുള്ള ഐ.ഡി.കാർഡ് കൈവശം ഉള്ള പരിശീലനാർത്ഥികൾക്ക് മാത്രമേ ക്യാമ്പസിൽ പ്രവേശനത്തിന് അനുവാദമുള്ളൂ. തെരഞ്ഞെടുപ്പിന്റെ തലേദിവസം (12/05/2022) പ്രചരണം അനുവദിക്കുന്നതല്ല.
7. വോട്ടർ പട്ടികയിൽ പേര് നിലവിലുള്ളവർക്ക് മാത്രമേ മത്സരിക്കുവാനും, വോട്ട് ചെയ്യുവാനും അവകാശമുള്ളൂ.
8. വോട്ടർ പട്ടിക പ്രസിദ്ധീകരിച്ച് 24 മണിക്കൂറിനകം പട്ടികയിൽ തിരുത്തലുകൾ വരുത്തുന്നതിനും, മാറ്റം വരുത്തുന്നതിനും, പേര് ഒഴിവാക്കുന്നതിനും ഉള്ള അവകാശം റിട്ടേണിംഗ് ഓഫീസറിൽ നിക്ഷിപ്തമാണ്.
9. സ്ഥാനാർത്ഥികൾ വ്യക്തിപരമായ ആക്ഷേപങ്ങൾ നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.
10. ഇലക്ഷൻ സംബന്ധിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള നിയമാവലി ലംഘിക്കുന്നവരെ ഇലക്ഷനിൽ പങ്കെടുക്കുന്നതിൽ നിന്ന് ആയോഗ്യരാക്കുന്നതാണ്.
11. ഐ.ടി.ഐ. കെട്ടിടങ്ങളിൽ / മതിൽ തുടങ്ങിയവയിൽ പോസ്റ്റർ ഒട്ടിക്കുകയോ, ചുമരെഴുത്ത് നടത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.
12. അതാത് സ്ഥാപനങ്ങളിൽ പ്രത്യേകമായി അനുവദിച്ച് നൽകുന്ന സ്ഥലങ്ങളിൽ കൊടിമരവും ബാനറുകളും സ്ഥാപിക്കേണ്ടതാണ്. അനുവദിക്കുന്ന സ്ഥാലം സംബന്ധിച്ച് അതാത് പ്രിൻസിപ്പാൾമാർ തീരുമാനം എടുക്കേണ്ടതാണ്. ഇത്തരത്തിൽ സ്ഥാപിക്കുന്ന കൊടിമരങ്ങളും ബാനറുകളും 12/05/2022 വൈകുന്നേരം 3 മണിക്ക് മുമ്പായി മാറ്റിയിരിക്കേണ്ടതാണ്.
13. ഇലക്ഷൻ പ്രവർത്തനങ്ങളിലും, പ്രചാരണത്തിനും പൂർണ്ണ സമാധാന അന്തരീക്ഷം നിലനിൽക്കാൻ എല്ലാ ട്രെയിനികളും, സ്ഥാനാർത്ഥികളും ബാധ്യസ്ഥരാണ്.
14. പ്രാക്ടിക്കൽ ഹാളുകളിൽ യാതൊരു വിധത്തിലുള്ള പ്രചരണങ്ങളും അനുവദിക്കുന്നതല്ല.
15. ഇലക്ഷൻ സംബന്ധിച്ചുള്ള നടപടികളിൽ റിട്ടേണിംഗ് ഓഫീസറുടെ തീരുമാനം അന്തിമമായിരിക്കും.

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി